# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **1014** 06.06.2018 -ലെ മറുപടി

## കുറത്തിമല കുടിവെള്ള പദ്ധതി

**ചോദ്യം**

**ശ്രീ.ആർ.രാജേഷ്**

(എ) മാവേലിക്കര മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികളാണ് 2016 - 17, 2017 - 18 കാലയളവിൽ ജലസേചനവകുപ്പിന്റെ വിവിധ വിഭാഗങ്ങൾ മുഖേന സമർപ്പിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തികളുടെ ഭരണ സാങ്കേതിക അനുമതിയ്ക്ക് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) കുറത്തിമല കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

**മറുപടി**

മാത്യു.ടി തോമസ്
(ജലവിഭവ വകുപ്പുമന്ത്രി)

(എ) 2016-17, 2017-18 കാലയളവിൽ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി മേജർ ഇറിഗേഷൻ വിഭാഗം മാവേലിക്കര മണ്ഡലത്തിലേയ്ക്ക് സമർപ്പിച്ച പ്രവൃത്തി ചുവടെ ചേർക്കുന്നു:-

2016-17, Construction of a concrete bed bar at the mouth of Kottathodu portion to prevent the entry of liquid and solid waste to the intake portion of Kerala Water Authority Pump house and protecting the left bank of Achenkovil river in that portion എന്ന പ്രവർത്തിക്ക് വേണ്ടി ടെണ്ടർ ക്ഷണിച്ചിരുന്നെങ്കിലും റവന്യൂ അധികാരികൾ പ്രസ്തുത സ്ഥലത്തിന്റെ അതിരുകൾ നിർണ്ണയിച്ചു നല്കിയപ്പോൾ ടി പ്രവർത്തിയിൽ ചില മാറ്റങ്ങൾ വരുത്തേണ്ടതായി വന്നു. അതനുസരിച്ച് മാറ്റം വരുത്തിയ എസ്റ്റിമേറ്റിന് പുതുക്കിയ സാങ്കേതികാനുമതി നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) കുറത്തിക്കാട് കുടിവെള്ളപദ്ധതി പൂർത്തിയാക്കാൻ കഴിയാത്തതിന്റെ കാരണം പദ്ധതിയുടെ ഭാഗമായുള്ള കല്ലുമലയിലെ റെയിൽവേ ക്രോസിങ് അനുമതി ലഭിക്കാത്തതിനാലാണ്. നിലവിൽ കല്ലുമല

റെയിൽവേ ഓവർ ബ്രിഡ്ജിനു സമാന്തരമായി സ്റ്റീൽ പാലം നിർമ്മിച്ച് അതിലൂടെ പൈപ്പ് ലൈൻ കൊണ്ടുപോകുന്നതിനുള്ള സ്റ്റീൽ പാലത്തിന്റെ ഡിസൈൻ റെയിൽവേ ഡിവിഷണൽ മാനേജർക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതിന് അനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) നിലവിൽ ഈ കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

(സി) നിലവിൽ ഈ കുടിവെള്ള പദ്ധതിയുടെ ഭാഗമായി പ്രായിക്കര വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിൽ 400 KVA യുടെ ട്രാൻസ്ഫോർമർ, റോ വാട്ടർ പമ്പിങ് മെയിൻ, വിവിധ സ്ഥലങ്ങളിലായി ഏകദേശം 500 മീറ്റർ നീളം വരുന്ന ഗ്യാപ് ഫില്ലിങ് എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്. റെയിൽവേയുടെ അനുമതി ലഭിച്ചതിനുശേഷം മാത്രമേ പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുവാൻ സാധിക്കുകയുള്ളു.

സെക്ഷൻ ഓഫീസർ